(ഇ) സർട്ടിഫിക്കറ്റ് ക്വാട്ടയിൽ എത്രപേർ നിലവിലുണ്ട് : എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ; ഒഴിവ് നികത്തുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) മതിയായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ കിടക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ള 34 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ പൊതുമരാമത്ത് വകുപ്പിൽ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾമൂലം വികസനപ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കാൻ ഇവയുടെ അധിക ചുമതല ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുകയാണ്.

(ബി) ആകെ അസിസ്റ്റന്റ് എഞ്ചിനീയർ-638 ജീവനക്കാരിൽ നിയമനം നടത്തിയത് - 383 ഒഴിവുകൾ - 34 (പട്ടികവർഗ്ഗക്കാർക്കായി മാറ്റിവയ്ക്കപ്പെട്ടത്)

(സി) ഡിപ്ലോമ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്കായി 191-ഉം സർട്ടിഫിക്കറ്റ് വിഭാഗത്തിനായി 64-ഉം തസ്തികകളാണ് പ്രൊമോഷൻവഴി ഡ്രാഫ്റ്റ്സ്മാൻമാരുടെ നിയമനത്തിനായി മാറ്റി വച്ചിട്ടുള്ളത്.

(ഡി) ഇത്തരത്തിലൊരു പരാതി ലഭിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിയമനത്തിനും പ്രൊമോഷനും ഉള്ള അനുപാതം 6:3:1 ആണ്. ഇത് കൃത്യമായി പാലിച്ചുകൊണ്ടാണ് നിയമനവും പ്രൊമോഷനുകളും നടത്തുന്നത്.

(ഇ) നിലവിൽ 63 പേർ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ജോലിചെയ്തുവരുന്നുണ്ട്. 30-11-2014-ലെ റിട്ടയർമെന്റിനു ശേഷം ഒരു ഒഴിവ് നിലവിലുണ്ട്. അത് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം

339(3264) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിന്റെ രൂപീകരണംവഴി നേടാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനംവഴി ലഭ്യമാക്കുന്നതെന്നും ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നതെന്നും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ 10-1-2012 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 06/2012/പൊ.മ.വ പ്രകാരം ഇ-പെയ്മെന്റ് നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിനെ തുടർന്ന് 15-2-2012 തീയതിയിലെ സർക്കാർ സർക്കുലർ നമ്പർ 28609/എച്ച്3/2010/പൊ.മ.വ. പ്രകാരം വിശദമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെയും മറ്റും പണമിടപാടുകൾ സുതാര്യമാക്കുന്നതിനും കരാറുകാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന രീതി നിർത്തലാക്കുന്നതിനും സാധിക്കും. കരാറുകാർക്ക് പൊതുമരാമത്ത് വകുപ്പിൽനിന്നും കിട്ടേണ്ടതായ തുക അവരുടെ അക്കൗണ്ടിൽ നേരിട്ട് സുതാര്യവും സുരക്ഷിതവുമായി താരതമ്യേന എളുപ്പത്തിലും ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

(സി) പണമിടപാടുകൾ വേഗത്തിലും മികവുറ്റ രീതിയിലും നടത്തുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനംവഴി കഴിയുന്നു. പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് അവർ ചെയ്യുന്ന പ്രവൃത്തികളുടെ തുക നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കാൻ സാധിക്കും. പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ്, ഐ.റ്റി.വകുപ്പ്, എൻ.ഐ.സി, എസ്.ബി.റ്റി, എസ്.ബി.ഐ തുടങ്ങിയവയാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്

പൊതുമരാമത്ത് വകുപ്പിന്റെ നേട്ടം

340(3265) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. ആർ. സെൽവരാജ് ;
ശ്രീ. പി. സി. വിഷ്ണുനാഥ് ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് നേട്ടം കൈവരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly